## ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: ഓർഡർ........... ഓർഡർ..........

പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. ചിറ്റയം ഗോപകുമാറിന്റെ പേര് നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ടി. പി. രാമകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീ. എ. കെ. ശശീന്ദ്രൻ പിന്താങ്ങുകയും ശ്രീ. കെ. രാജൻ നിർദ്ദേശിക്കുകയും ഡോ. എൻ. ജയരാജ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. ചിറ്റയം ഗോപകുമാറിനുവേണ്ടിയുള്ള പത്രികകൾ. പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് മറ്റ് പേരുകളൊന്നും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ല. പരിശോധനയിൽ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ നാമനിർദ്ദേശ പത്രികകൾ നിയമാനുസൃതമാണെന്ന് കാണുന്നു. ആയതിനാൽ ശ്രീ. ചിറ്റയം ഗോപകുമാറിനെ പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഏറ്റെടുക്കുവാൻ ശ്രീ. ചിറ്റയം ഗോപകുമാറിനെ ക്ഷണിച്ചുകൊള്ളുന്നു.

(ശ്രീ. ചിറ്റയം ഗോപകുമാർ ബഹുമാനപ്പെട്ട സ്പീക്കറിനെയും മുഖ്യമന്ത്രിയേയും

മന്ത്രിമാരെയും കക്ഷിനേതാക്കന്മാരെയും പ്രതിപക്ഷനേതാവിനെയും വന്ദിച്ചശേഷം ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി.)